# കേരള നിയമസഭ
# 21.03.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 21, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

<u>പീപ്പിൾസ് ബസാറുകൾ</u>

*91 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് അവയെ പീപ്പിൾസ് ബസാറുകളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രക്രിയ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(സി) ഇതുകൊണ്ട് ജനങ്ങൾക്കുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(ഡി) എല്ലാ നിത്യോപയോഗ സാധനങ്ങളും പീപ്പിൾസ് ബസാറുകൾ മുഖേന ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതി</u>

*92 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്രസ അദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പരിഷ്കാരങ്ങൾ നടപ്പിലാക്കിയെങ്കിലും ഭൂരിപക്ഷം അദ്ധ്യാപകരെയും പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ബഹുഭൂരിപക്ഷം അദ്ധ്യാപകരെയും പദ്ധതിയിലേയ്ക്ക് ആകർഷിക്കാൻ, എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ടെന്ന കാര്യം പരിശോധിക്കുമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ വികസന പദ്ധതി</u>

*93 ശ്രീ. സണ്ണി ജോസഫ്
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം തരം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പൊതുവിതരണ മേഖല കാര്യക്ഷമമാക്കുന്നതിന് നടപടി</u>

*94 ശ്രീ. കെ. കെ. നാരായണൻ
,, പി. റ്റി. എ. റഹീം
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ മേഖല കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പൊതുവിതരണ മേഖല കാര്യക്ഷമമാക്കുന്നതിന് അവ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്ന ഒരു കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പൊതുവിതരണ മേഖലയിൽ മാറ്റങ്ങൾ വരുത്താനും കൂടുതൽ ഫണ്ട് വകയിരുത്താനും ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

ഭൂപരിഷ്കരണ നിയമ ഭേദഗതി

*95 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' രാജു എബ്രഹാം
'' സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമം വീണ്ടും ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്താവശ്യത്തിലേക്കാണെന്ന് വെളിപ്പെടുത്താമോ;

(ബി) തോട്ടങ്ങൾ മറ്റാവശ്യങ്ങൾക്ക് വീണ്ടും അനുവദിക്കാൻ ഈ ഭേദഗതിയിൽ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തോട്ടങ്ങൾ എന്തെല്ലാം ആവശ്യങ്ങൾക്കാണിപ്പോൾ ഉപയോഗിക്കാവുന്നത്; മറ്റെന്താവശ്യങ്ങൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത്തരം പരിഷ്കാരങ്ങൾ ഭൂമാഫിയകളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; എപ്പോഴായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) ഭേദഗതി നിർദ്ദേശങ്ങളിന്മേൽ എന്തെല്ലാം വിയോജിപ്പുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

*96 ശ്രീമതി കെ.എസ്. സലീഖ
ശ്രീ.എം. ചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം മിക്കജില്ലകളിലും നെല്ല് ഉൾപ്പെടെയുള്ള കാർഷിക വിളകൾ കരിഞ്ഞുണങ്ങി നശിച്ചുകൊണ്ടിരിക്കുന്നത് വിലയിരുത്തുകയുണ്ടായോ; വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ മൊത്തം നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) വരൾച്ചാ കെടുതികൾ നേരിടുന്നതിന് പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ. ആവശ്യപ്പെട്ട സഹായം എത്ര; ഇത് പരിഗണിക്കുകയുണ്ടായോ; ലഭിച്ചതെത്ര; സംസ്ഥാനം ഇതിനകം ചെലവഴിച്ചതെത്ര;

(ഡി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

*97 ശ്രീ. ബാബു എം. പാലിശ്ശേരി
,, ബി. ഡി. ദേവസ്സി
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെല്ല് സംഭരണത്തില്‍ വന്‍തോതില്‍ കുറവുണ്ടായിട്ടുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണത്തില്‍ പാളിച്ച പറ്റിയതായി വിലയിരുത്തിയിട്ടുണ്ടോ ; സംസ്ഥാനത്ത് 2012-2013ല്‍ ഇതുവരെ എത്ര മെട്രിക് ടണ്‍ നെല്ല് സംഭരിച്ചു എന്ന് വ്യക്തമാക്കാമോ ; ലക്ഷ്യം എത്രയായിരുന്നു ;

(സി) സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പൊതുവിതരണ ശൃംഖലകള്‍ വഴി കൃത്യമായി വിതരണം ചെയ്യാനാവുന്നില്ല എന്ന ആക്ഷേപം നിലനില്ക്കുന്നുണ്ടോ; നെല്ല് കുത്താന്‍ ഏല്പിക്കുന്ന മില്‍ ഉടമകള്‍ അരി തിരിമറി നടത്തുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) നെല്ലിന്റെ സംഭരണ വില ഉയര്‍ത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(ഇ) നെല്ല് സംഭരണം കുറയുന്നത് മാര്‍ക്കറ്റില്‍ അരിവില വീണ്ടും വര്‍ദ്ധിക്കുന്നതിന് കാരണമാകും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(എഫ്) അടുത്ത സീസണില്‍ നെല്ല് സംഭരണം ഊര്‍ജ്ജിതപ്പെടുത്തുന്നതിനും മില്‍ ഉടമകളുടെ ക്രമക്കേടുകള്‍ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കായൽ കയ്യേറ്റം</u>

*98 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ രീതിയിൽ കായൽ കയ്യേറ്റം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതുമൂലം സംസ്ഥാനത്തെ കായലുകളുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുള്ള കാര്യം അറിയാമോ;

(സി) തീരദേശപരിപാലന നിയമങ്ങൾ പോലും ലംഘിച്ച് കായൽ തീരങ്ങളിൽ റിസോർട്ട് നിർമ്മാണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്നാൽ എത്ര അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പരിസ്ഥിതിക്ക് ദോഷം ചെയ്യുന്ന അത്തരം പ്രവർത്തികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് കായൽ വിസ്തൃതി നിലനിർത്തുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഭൂമി കയ്യേറ്റം തടയുന്നതിനു സ്വീകരിച്ച നടപടികൾ

*99 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലും പരിസരപ്രദേശങ്ങളിലും വ്യാപകമായ ഭൂമി കയ്യേറ്റം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി കയ്യേറ്റം നടക്കുന്നതു സംബന്ധിച്ച ഇന്റലിജൻസ് റിപ്പോർട്ട് റവന്യൂ വകുപ്പിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഒഴിപ്പിച്ചെടുത്ത ഭൂമിപോലും വീണ്ടും കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതായി അറിയാമോ;

(ഡി) വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും, കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് സർക്കാരിലേയ്ക്കു മുതൽക്കൂട്ടുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആധാരപകർപ്പുകളുടെ ഡിജിറ്റൈസേഷൻ</u>

*100 ശ്രീ. എം. പി. വിൻസെന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരപകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കൊണ്ടുള്ള നേട്ടങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയിൽ സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട്;

(ഇ) ഈ പദ്ധതി എല്ലായിടത്തും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

*101 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന എത്ര സർക്കാർ, എയ്ഡഡ് സ്ക്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രാഥമിക സൗകര്യങ്ങളുടെ അഭാവത്താലും ആസ്ബറ്റോസ് മേൽക്കൂരകൾ ഉപയോഗിക്കുന്നതുമൂലവും സ്ക്കൂൾ കുട്ടികളിൽ ഏതെങ്കിലും തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്കു സാധ്യതയുണ്ടോ; വിശദാംശം നല്കുമോ;

(സി) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്ന ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്താൻ 2013-14 സാമ്പത്തിക വർഷം പ്രത്യേക ഊന്നൽ നല്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിനുള്ള നടപടികൾ</u>

*102 ശ്രീ. വി. ചെന്താമരാക്ഷൻ
,, ഇ. പി. ജയരാജൻ
,, ബി. ഡി. ദേവസ്സി
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചമൂലം ഉണ്ടായിട്ടുള്ള കെടുതികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വരൾച്ച നേരിടുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വരൾച്ചമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ഡി) വരൾച്ചമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പിന് കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(എഫ്) വരൾച്ച നേരിടുന്നതിന് കേന്ദ്ര സർക്കാരിന്റെ മുമ്പിൽ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; പദ്ധതി കേന്ദ്രം പരിഗണിക്കുകയുണ്ടായോ; സഹായം എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ; ആവശ്യപ്പെട്ട സഹായം എത്രയായിരുന്നു?

# കേരള നിയമസഭ
# 21.03.2013–ലെ മറുപടിക്ക്

<u>ദേശീയപാതകളുടെ വികസനം</u>

*103 ശ്രീ. കെ. എന്‍. എ. ഖാദര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയപാതകളുടെ വീതി കൂട്ടുന്നതു സംബന്ധിച്ച നടപടികള്‍ എത്രത്തോളം പൂര്‍ത്തിയായിട്ടുണ്ടെന്നും ആയത് എന്ന് പൂര്‍ത്തിയാക്കാന്‍ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) ദേശീയപാതകള്‍ക്ക് ആവശ്യാനുസരണം വീതിയില്ലാത്തതിനാല്‍ വാഹനത്തിരക്കും അപകടങ്ങളും ഉണ്ടാകുന്നതു മൂലം ജനങ്ങള്‍ അനുഭവിക്കുന്ന ദുരിതങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ദേശീയപാതയുടെ വികസനപ്രവര്‍ത്തനങ്ങള്‍ മൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവര്‍ക്കായുള്ള നഷ്ടപരിഹാര പാക്കേജില്‍ എന്തൊക്കെ വ്യവസ്ഥകള്‍ ഉള്‍ക്കൊള്ളുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ദേശീയപാതകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടി അടിയന്തിരമായി ആരംഭിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ കെടുതിയിൽ നിന്നും സംരക്ഷണം</u>

*104 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, റ്റി. എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ കെടുതിയിൽ നിന്നും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) വരൾച്ചാക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

<u>റീസർവ്വേ പരാതികൾ</u>

*105 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയുമായി ബന്ധപ്പെട്ട് വ്യാപകമായി പരാതികൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കുന്നതിന് താലൂക്ക് തലങ്ങളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന്
നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡുകളുടെ നിർമ്മാണം</u>

*106 ശ്രീ. കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ മേന്മകൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് അത്തരം റോഡുകളുടെ നിർമ്മാണം നടക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഏത് ഏജൻസി വഴിയാണ് ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതെന്നറിയിക്കുമോ;

(ഇ) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡുകളുടെ നിർമ്മാണം വിജയകരമാണെന്നു കണ്ടാൽ സംസ്ഥാനത്തെ എല്ലാ റോഡുകളും അത്തരത്തിൽ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 21.03.2013–ലെ മറുപടിക്ക്

<u>അംഗീകാരമില്ലാത്ത സ്കൂളുകൾ</u>

*107 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം പൂർണ്ണതോതിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതലാണ് പ്രാബല്യത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; അംഗീകാരത്തിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ എന്തു തീരുമാനമെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് തുടർ വിദ്യാഭ്യാസത്തിനുള്ള എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

<u>കയർ മേഖലയുടെ ആധുനികവൽക്കരണം</u>

*108 ശ്രീ. ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, അൻവർ സാദത്ത്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി ഈ മേഖലയെ ശക്തിപ്പെടുത്താനും യുവതലമുറയെ കൂടുതൽ ആകർഷിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിന് പ്രാധാന്യം നൽകുമോ: വിശദമാക്കുമോ;

(ഡി) യന്ത്രവൽക്കരണം നടപ്പാക്കുമ്പോൾ തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെയുള്ള പരിഷ്കരണത്തിന് ഊന്നൽ നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>വാധ്വാ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ</u>

*109 ശ്രീ. പി. ഉബൈദുള്ള
,, കെ. എൻ.എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ സർക്കാർ ഏറ്റെടുക്കണമെന്ന വാധ്വാ കമ്മിറ്റി റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉള്ളത്;

(ബി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയത് സംബന്ധിച്ച് സർക്കാർ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

### സംസ്ഥാന റോഡ് വികസന പദ്ധതി

*110 ശ്രീ. ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര കിലോമീറ്റർ റോഡാണ് ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത ചെലവ് എത്രയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായുള്ള റോഡുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഇന്‍ഫ്രാസ്ട്രക്ചര്‍ നിയമം രൂപീകരിക്കാന്‍ നടപടി</u>

*111 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാന്‍
,, അന്‍വര്‍ സാദത്ത്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിര്‍വ്വഹണം ഉറപ്പുവരുത്തുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(ബി) ആയതിനായി സംസ്ഥാനത്ത് ഇന്‍ഫ്രാസ്ട്രക്ചര്‍ നിയമം കൊണ്ടുവരാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(ഡി) നിയമം രൂപീകരിക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവര്‍ത്തനം</u>

*112 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, ജി. സുധാകരന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വിദ്യാഭ
്യാസവകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈയടുത്ത കാലത്തായി ഐ. ടി. അറ്റ് സ്കൂളിന്റെ പ്രവര്‍ത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്ഥാപനത്തില്‍ നിന്നും പരിചയ സമ്പന്നരായ 34 അദ്ധ്യാപകരെ പിരിച്ചുവിടുകയുണ്ടായോ ; പിരിച്ചുവിടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഈ തീരുമാനത്തിന് ഡി.പി.ഐ യുടെ അംഗീകാരം ഉണ്ടായിരുന്നോ;

(ഡി) ഐ. ടി. അറ്റ് സ്കൂളിന്റെ ചുമതലയില്‍ നിന്നും ഒഴിവാക്കണമെന്ന ആവശ്യം ഡി. പി.ഐ സര്‍ക്കാരിന്റെ മുമ്പില്‍ അറിയിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഹരിത നിർമ്മാണ നയം</u>

*113 ശ്രീ. ജോസഫ് വാഴക്കൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിർമ്മാണ മേഖലയിൽ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുവാനും, അസംസ്കൃത വസ്തുക്കളുടെയും പ്രകൃതിയിൽ നിന്നുള്ള നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യം പരിഹരിക്കുവാനും, വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യങ്ങൾക്ക് പരിഹാരം കാണുവാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ റോഡുകൾക്കും വകുപ്പിന്റെ കെട്ടിടങ്ങൾക്കും എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ഇ-ടെൻഡറിംഗ് സംവിധാനം

*114 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) എന്നു മുതലാണ് പ്രസ്തുത സംവിധാനം നിർബന്ധിതമാക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) ഇ-ടെൻഡറിംഗ് നടപടികൾ കരാറുകാർക്കും ബന്ധപ്പെട്ടവർക്കും പരിചയപ്പെടുത്തുന്നതിനായി ശിൽപശാലകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കോളേജുകൾക്ക് സ്വയംഭരണാവകാശം</u>

*115 ശ്രീ. സി. മമ്മുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻകുട്ടി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മികച്ച നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുവഴി കൈവരിക്കാമെന്ന് കരുതുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താൻ കഴിയുമോ; എങ്കിൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതു വഴി നിലവിലെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളിൽ എന്തൊക്കെ മാറ്റമാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ മേഖലയുടെ നവീകരണവും ആധുനികവത്കരണവും</u>

*116

ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയുടെ സമഗ്ര നവീകരണത്തിനും ആധുനികവത്കരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സൗജന്യ പാഠപുസ്തക വിതരണം, ഗവേഷണം, അദ്ധ്യാപക പരിശീലനം, സ്കൂൾ ഗ്രാന്റ് തുടങ്ങിയ പദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദിച്ചു; ഇതിൽ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ പദ്ധതികളിൽ പത്തു ശതമാനം പോലും നടപ്പാക്കിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കലാ-കായിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

**ജനസൗഹൃദ വില്ലേജ് ഓഫീസുകൾ**

*117 ശ്രീ. എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ ഉദ്ദേശം സഫലീകരിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന

*118 ശ്രീ. വി. റ്റി. ബൽറാം
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധന തടയുന്നതിന് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) നിത്യോപയോഗസാധനങ്ങളുടെ ശരിയായ വിതരണം ഉറപ്പുവരുത്തുന്നതിന് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഏതെല്ലാം കാര്യങ്ങളാണ് നിരീക്ഷണത്തിന് വിധേയമാക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ?

**കേരള നിയമസഭ**
**21.03.2013–ലെ മറുപടിക്ക്**

<u>ഭൂമിദാനം പദ്ധതി</u>

*119 ശ്രീ. ഷാഫി പറമ്പിൽ
,, റ്റി.എൻ. പ്രതാപൻ
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിദാനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ;

(ഇ) കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണനന നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കയർ മേഖല നേരിടുന്ന പ്രതിസന്ധി</u>

*120 ശ്രീ. ജി. സുധാകരൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. ദാസൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കയർ മേഖലയിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(സി) ഇൻകം സപ്പോർട്ട് സ്കീം സ്വകാര്യമേഖലയിലെ കയർ തൊഴിലാളികൾക്ക് കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) കയർ തൊഴിലാളികളുടെ കുറഞ്ഞ കൂലി 350 രൂപയാക്കി വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

(ഇ) വ്യാജമായി കയർസംഘങ്ങൾക്ക് രജിസ്ട്രേഷൻ സംഘടിപ്പിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് പരിശോധിക്കുവാൻ തയ്യാറാകുമോ; വ്യാജ സംഘങ്ങളുടെ അംഗീകാരം റദ്ദാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 മാർച്ച് 12.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ചട്ടം 47(1)].